പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2730 | 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിച്ചു നല്കുന്ന പദ്ധതി

ചോദ്യം

ശ്രീ. പി.ബി.അബ്ദുൾ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിച്ചു നല്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്കു പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ളാൻ ഫണ്ട്, പൂൾഡ്/കോർപ്പസ് ഫണ്ട്, അടിയ-പണിയ പ്രാക്തനഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്, ആദിവാസി പുനരധിവാസ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. ഭവന നിർമ്മാണത്തിനുള്ള മുഴുവൻ തുകയും ഗ്രാന്റായിട്ടാണ് നൽകിവരുന്നത്. നിലവിലുള്ള ധനസഹായം വീട് ഒന്നിന് 2.50 ലക്ഷം രൂപയാണ്. കൂടാതെ മാതൃകാ കോളനികളായി തെരഞ്ഞെടുത്ത 5 കോളനികളിൽ ഒരു കോളനിയിൽ 25 പേർക്ക് എന്ന കണക്കിൽ 125 പേർക്ക് വീടൊന്നിന് 5.32 ലക്ഷം രൂപ എന്ന |

| | | | |
|---|---|---|---|
| | | | നിരക്കിൽ വീട് നിർമ്മിച്ചു നൽകുന്നുണ്ട്. ഊരുകൂട്ടം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും മുൻഗണന ക്രമത്തിൽ ധനസഹായം അനുവദിച്ചു വരുന്നു. |
| (ബി) | ഭവന രഹിതരായ പട്ടികവർഗ്ഗക്കാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വീടു നിർമ്മാണത്തിന് സഹായം വേണ്ടിവരുന്ന കുടുംബങ്ങളുടെ വിശദാംശം നല്കുമോ; | (ബി) | ഉണ്ട്. കില മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്കു പ്രകാരം 30801 പേർ ഭവന രഹിതർ/വാസയോഗ്യമായ വീടില്ലാത്ത-വരായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് ഇതേവരെ വീടു നിർമ്മിച്ചു നല്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി 2011-2012 സാമ്പത്തിക വർഷം ഭവന രഹിതരായ 2050 പേർക്കും 2012-13 വർഷം 1534 പേർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആദിവാസി പുനരധി-വാസമിഷൻ (ടി.ആർ.ഡി.എം) മുഖേന ടി കാലയളവിൽ 509 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദി-ച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനഅനുവദിച്ച വീടുകൾ

| ജില്ല | 2011-12 | 2012-13 |
|---|---|---|
| തിരുവനന്തപുരം | 65 | 50 |
| കൊല്ലം | 25 | 15 |
| ആലപ്പുഴ | 20 | 15 |
| പത്തനംതിട്ട | 55 | 32 |
| കോട്ടയം | 72 | 47 |
| ഇടുക്കി | 164 | 100 |
| എറണാകുളം | 55 | 32 |
| തൃശ്ശൂർ | 63 | 93 |
| പാലക്കാട് | 260 | 95 |
| മലപ്പുറം | 99 | 46 |
| കോഴിക്കോട് | 59 | 32 |
| വയനാട് | 673 | 861 |
| കണ്ണൂർ | 72 | 32 |
| കാസർഗോഡ് | 368 | 84 |
| **ആകെ** | **2050** | **1534** |

## ടി.ആർ.ഡി.എം.മുഖേനഅനുവദിച്ച വീടുകൾ

| ജില്ല | വീടുകളുടെ എണ്ണം |
|---|---|
| ഇടുക്കി | 4 |
| കണ്ണൂർ | 504 |
| കാസർഗോഡ് | 1 |
| **ആകെ** | **509** |

Section Officer